# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയിലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD18/1365/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/12/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD18/1365/21 തീയ്യതി: 23/12/2021

## പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 04-10-2021 | 22-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 22-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി.പി.സരിത, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.ആർ,രഞ്ജിത്, ഓഡിറ്റർ
ശ്രീമതി.കെ.ഗീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.കെ.സുകുമാരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഇ.ഷാജഹാൻ | സെക്രട്ടറി | 01-04-2019 | 17-07-2019 |

| | | | |
|---|---|---|---|
| ശ്രീ.കെ.രാധിക | സെക്രട്ടറി | 18-07-2019 | 24-07-2019 |
| ശ്രീ.പ്രദീഷ്.പി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-07-2019 | 28-07-2019 |
| ശ്രീ.ഇ.ഷാജഹാൻ | സെക്രട്ടറി | 29-07-2019 | 02-12-2019 |
| ശ്രീമതി.ലൈസമ്മ സേവ്യർ | സെക്രട്ടറി | 03-12-2019 | 02-03-2020 |
| ശ്രീ.പ്രദീഷ്.പി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.പി.പ്രദീഷ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.രവീന്ദ്രൻ | വി.ഇ.ഒ-1 | 01-04-2019 | 31-03-2020 |
| ശ്രീ.സിജ്ജ.കെ | വി.ഇ.ഒ-2 | 01-04-2019 | 31-03-2020 |
| ശ്രീമതി.ലിസി.കെ.എ | എച്ച്.എം | 01-04-2019 | 31-03-2020 |
| ശ്രീ.മോഹൻരാജ് | കൃഷി ഓഫീസർ | 01-04-2019 | 13-05-2019 |
| ശ്രീമതി.അശ്വതി.കെ | കൃഷി ഓഫീസർ | 14-05-2019 | 31-03-2020 |
| ഡോ.സൂസൻ വർഗ്ഗീസ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 30-12-2019 |
| ഡോ.അലന്റീന | വെറ്ററിനറി സർജ്ജൻ | 01-01-2020 | 31-03-2020 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 28-06-2019 |
| ശ്രീമതി.നാൻസി.കെ.വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-06-2019 | 31-07-2019 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-08-2019 | 20-01-2020 |
| ശ്രീമതി.നാൻസി.കെ.വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-01-2020 | 31-01-2020 |
| ശ്രീ.സി.സി.ജയപ്രകാശ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-02-2020 | 26-02-2020 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 27-02-2020 | 31-03-2020 |
| ഡോ.കീർത്തി അശോകൻ | മെഡിക്കൽ ഓഫീസർ(FHC) | 01-04-2019 | 31-03-2020 |
| ഡോ.സുമേഷ്.വി | മെഡിക്കൽ ഓഫീസർ(ISM) | 01-04-2019 | 12-08-2019 |
| ഡോ.ജാസ്മലക്ഷ്മി.വി | മെഡിക്കൽ ഓഫീസർ(ISM) | 13-08-2019 | 31-03-2020 |
| ശ്രീ.രഞ്ജിത്.എൻപി | അസി.എഞ്ചിനിയർ | 01-04-2019 | 12-08-2019 |

| | | | |
|---|---|---|---|
| ശ്രീമതി.കാവ്യ.കെ.കുമാർ | അസി.എഞ്ചിനിയർ | 13-08-2019 | 31-03-2020 |
| ശ്രീമതി.സുഭാഷിണി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-1 |
| 2 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Geetha K (Auditor, On 20-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Geetha K (Auditor, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-2 |
| 4 | വാർഷിക കണക്ക് പരിശോധന- കണ്ടെത്തിയ പ്രധാന അപാകങ്ങൾ<br>Written By: Geetha K (Auditor, On 06-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Geetha K (Auditor, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-11-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saritha P (Senior Grade Auditor, On 25-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-10-2021) | 1-6 |
| 9 | മെറ്റീരിയലുകൾ വിതരണം ചെയ്ത വിതരണക്കാരന്റെ ബില്ലുകളിൽ നിന്നും നിയമപ്രകാരമുള്ള ജി.എസ്.ടി ടി.ഡി.എസ് കൃത്യമായി നടത്തിയില്ല<br>Written By: Saritha P (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-6-1 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 25-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-10-2021) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 05-10-2021)<br>Last Updated By: Ranjith. R (Auditor, On 05-10-2021) | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 20-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-10-2021) | 1-9 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 27-10-2021) | 1-10 |
| 14 | രശീതി പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ<br>Written By: Geetha K (Auditor, On 21-10-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 02-11-2021) | 1-11 |
| 15 | കടമുറികളുടെ വാടക - സംവരണം പാലിക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-12 |
| 16 | സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 22-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-10-2021) | 1-13 |
| 17 | ഡേഞ്ചേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 22-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-10-2021) | 1-13-1 |
| 18 | ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല<br>Written By: Geetha K (Auditor, On 22-10-2021) | 1-13-2 |

| | | |
|---|---|---|
| | Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | |
| 19 | അഗ്നിശമന സേന വകുപ്പിൽ നിന്നും ക്ലിയറൻസ് സർട്ടിഫിക്കറ്റിന് സാധുതയുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 22-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-13-3 |
| 20 | എ.ബി.സി പദ്ധതിയുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-14 |
| 21 | നിയമാനുസൃത കരാർ ചമയ്ക്കാതെ ഡെപ്പോസിറ്റ് പ്രവൃത്തി നടപ്പാക്കി<br>Written By: Saritha P (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-15 |
| 22 | പാലക്കുഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി-ഷെയർ സർട്ടിഫിക്കറ്റ് ലാഭവിഹിതം ഉറപ്പാക്കേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-16 |
| 23 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും- അർഹമായ തുക അനുവദിച്ചില്ല<br>Written By: Ranjith. R (Auditor, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-17 |
| 24 | എസ് എസ് എ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 21-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-10-2021) | 1-18 |
| 25 | സാക്ഷരതാ തുല്യതാ പരിപാടി- രേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 21-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-19 |
| 26 | സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ-ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 25-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-20 |
| 27 | സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ- രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 25-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-21 |
| 28 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 20-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-10-2021) | 1-22 |
| 29 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കണം<br>Written By: C.S.Santhosh (Audit Officer, On 20-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-23 |
| 30 | ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 20-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-24 |
| 31 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 20-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-25 |
| 32 | കൾവർട്ട് നിർമ്മാണം-ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള രേഖാമൂലമുള്ള അനുമതി ലഭ്യമാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 20-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 1-26 |
| 33 | അടിപെരണ്ട ബസ് സ്റ്റാന്റിനോടനുബന്ധിച്ച് നിർമ്മിച്ച കംഫർട്ട് സ്റ്റേഷനിൽ നിന്നും യൂസർ ഫീ ഉറപ്പാക്കണം<br>Written By: C.S.Santhosh (Audit Officer, On 20-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-11-2021) | 1-27 |
| 34 | കെട്ടിട നവീകരണ പ്രവൃത്തികൾ നടത്തിയപ്പോൾ ലഭ്യമായ വസ്തുക്കൾ ലേലം ചെയ്ത് കയ്യൊഴിച്ചതിന് രേഖകളില്ല<br>Written By: C.S.Santhosh (Audit Officer, On 20-10-2021) | 1-28 |

| | | |
|---|---|---|
| | Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 05-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Saritha P (Senior Grade Auditor, On 26-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 05-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 25-10-2021) | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 23-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളിലെ വിവിധ പത്രികകളുടെ സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

27-02-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

29-02-2020ലെ തീരുമാനം നം. 1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 14,192,708 |
| തൻവർഷം വരവ് | 363201000 |
| ആകെ വരവ് | 377393708 |
| ചെലവ് | 372461200 |
| നീക്കിയിരിപ്പ് | 4932508 |

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് നടപടിക്രമങ്ങൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

#### 1-1-1 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് ഫയലും മിനിറ്റ്സുകളും പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളോട് നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 06-12-2018-ന് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 11 നിർവ്വഹണ ഉദ്യോഗസ്ഥരുള്ളതിൽ ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോപ്പോസലുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം), എച്ച്.എം, അസി. എഞ്ചിനിയർ എന്നിവർ മാത്രമാണ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളത്. കൃഷി ഓഫീസർ, വി.ഇ.ഒ, ഡയറി ഫാം ഇൻസ്ട്രക്ടർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ പ്രൊപ്പോസലുകൾ സമർപ്പിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. 20.02.2019 ന് ധനകാര്യ സ്റ്റാന്റിംഗ് 2019-2020 ലെ കരട് ബജറ്റ് ഭരണസമിതിയുടെ അംഗീകാരത്തിനായി നല്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

തുടർവർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകതകൾ കൃത്യമായി ബജറ്റിൽ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്ററി നിയന്ത്രണം ഉറപ്പാക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 20-05-2020 | | - |

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക നിയമാനുസൃത സമയപരിധിക്കുള്ളിൽ തന്നെ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക കണക്ക് പരിശോധന- കണ്ടെത്തിയ പ്രധാന അപാകങ്ങൾ

1. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതായി R&P പത്രിക പരിശോധിക്കുമ്പോൾ കാണുന്നു. മുൻകൂർ തുക നൽകി വർഷാവസാനത്തിനുള്ളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത സംഗതികളിൽ " 460500204 എന്ന ഹെഡിൽ ചെലവ് രേഖപ്പെടുത്തേണ്ടതും വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ B 18 ഷെഡ്യൂളിൽ തുക ചേർക്കേണ്ടതുമാണ്.

2. പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി ജില്ലാപഞ്ചായത്തിന് വിഹിതം നൽകിയിട്ടുണ്ടെങ്കിലും ഷെയർവാല്യൂ കണക്കാക്കി ഇൻവെസ്റ്റ്മെന്റ് ഹെഡിൽ ചേർത്തിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31159952 |
| വരവ് | 108507719 |
| ആകെ | 139667671 |
| ചെലവ് | 108471016 |
| നീക്കിയിരിപ്പ് | 31196655 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 17723318 | 17723318 | 9383958 | 8339360 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 10001294 | 10001294 | 5732235 | 4269059 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 1228000 | 1228000 | 488107 | 739893 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 39168000 | 39168000 | 17953494 | 21214506 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5548000 | 5548000 | 3611534 | 1936466 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 0 | 14789646 | 14789646 | 6784242 | 8005404 |

(*) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് ചെലവ് തുകയായ 2705882 മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| lകേന്ദ്രവിഹിതം | 997535 | 285369 | 1282904 | 1109491 | 173413 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1093 | 1375222 | 1376315 | 1375510 | 805 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 21481975 | 21481975 | 21481975 | 0 |
| ആകെ | 1093 | 22858290 | 22858290 | 22857485 | 805 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 1986791 | 384000 | 2370791 | 191000 | 2179791 |

സംസ്ഥാനാവിഷ്കൃതം

ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 122832 | 0 | 122832 | 38590 | 84242 |
| ലൈഫ് മിഷൻ | 0 | 17900000 | 17900000 | 15000000 | 2900000 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 324 | 219733844 | 170 | 92645000 | - | 154 | 52 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 170 എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 42% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 6211420 | 1228579 | 20 |
| വെറ്ററിനറി സർജ്ജൻ | 8 | 7 | 3267750 | 511032 | 16 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 817950 | 749488 | 92 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| വി.ഇ.ഒ-1 | 6 | 6 | 53380000 | 27334694 | 51 |
| വി.ഇ.ഒ-2 | 8 | 8 | 40283426 | 17011277 | 42 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 6460075 | 3586111 | 56 |
| സെക്രട്ടറി | 21 | 17 | 9589854 | 6493391 | 68 |
| അസി.സെക്രട്ടറി | 4 | 4 | 2541550 | 0 | 0 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 254 | 110 | 90640958 | 31416182 | 35 |
| എച്ച്.എം | 7 | 5 | 5040861 | 3914246 | 78 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 1100000 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 324 | 170 | 219733844 | 92645000 | 42 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1093 | 1375222 | 1376315 | 1375510 | 805 |
| എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | 0 | 21481975 | 21481975 | 21481975 | 0 |
| ആകെ | 1093 | 22858290 | 22858290 | 22857485 | 805 |

### 1-6-1 മെറ്റീരിയലുകൾ വിതരണം ചെയ്ത വിതരണക്കാരന്റെ ബില്ലുകളിൽ നിന്നും നിയമപ്രകാരമുള്ള ജി.എസ്.ടി ടി.ഡി.എസ് കൃത്യമായി നടത്തിയില്ല

2019-20 വർഷത്തിൽ മെറ്റീരിയൽ പ്രവൃത്തികൾ ഉൾപ്പെടുന്ന 22 പ്രവൃത്തികളാണ് ഉണ്ടായിരുന്നത്. ഈ പ്രവൃത്തികൾക്ക് ആവശ്യമായ കരിങ്കല്ല്, പാറമണൽ, സിമന്റ് എന്നിവ വിതരണം ചെയ്യുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ.സലീം.ഐ എന്ന വിതരണക്കാരന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

ടെണ്ടർ നോട്ടീസ് നം. 1/ET-NREGS/AYLR/19-20 Dated 6-9-2019.

ആകെ കരാർ തുക 4953516 രൂപയാണ്.

എഗ്രിമെന്റ് നം. 4/15-20-2019

2017 ലെ കേന്ദ്ര-സംസ്ഥാന ജി.എസ്.ടി നിയമങ്ങൾ അനുസരിച്ച് കരാർ തുക 2.50 ലക്ഷത്തിൽ അധികരിക്കുകയാണെങ്കിൽ കരാറുകാരന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് തുകയായ 2% (1% – CGST, 1% –SGST) ഈടാക്കേണ്ടതാണ്.

കരാറുകാരന് 22 ബില്ലുകൾ മുഖേന ആകെ 4668598 രൂപയാണ് ശ്രീ.സലീം എന്ന വിതരണക്കാരന് അനുവദിച്ചിട്ടുള്ളത്. ആയതിൽ 5 ബില്ലുകളിൽ നിന്നായി ആകെ 33690 രൂപ ടി.ഡി.എസ് ആയി കുറവ് ചെയ്യുകയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ജി.എസ്.ടി.എൻ മുഖേന ഒടുക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരന് അനുവദിച്ച 17 ബില്ലുകളിൽ നിന്നും ടി.ഡി.എസ് ആയി 2% (1%-CGST, 1%-SGST) കുറവ് ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ആകെ കരാർ തുക 2.5 ലക്ഷം രൂപയിൽ കൂടുതലായതിനാൽ 2.5 ലക്ഷത്തിൽ കുറവുള്ള 17 ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്തേണ്ടതായിരുന്നു. എല്ലാ ബില്ലുകളിൽ നിന്നും ടി.ഡി.എസ് ഇനത്തിൽ യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്നത് 93372 രൂപയാണ് (4668598*2/100). എന്നാൽ 33690 രൂപയാണ് ഈടാക്കി ഒടുക്കിയിട്ടുള്ളത്. 59682 രൂപ കുറവായാണ് ടി.ഡി.എസ് നടത്തിയിട്ടുള്ളത്.

ടി.ഡി.എസ് ഇനത്തിൽ യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്നതിനേക്കാൾ കുറവ് തുക ഈടാക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനുള്ള ഓഡിറ്റ് അന്വേഷണം നം 12/21.10.21 നുള്ള മറുപടിയിൽ കുറവ് വന്ന തുക ഈടാക്കി ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

കൈപ്പറ്റിയ 4668598 രൂപയിൽ ടി.ഡി.എസ് ഈടാക്കാതിരുന്ന തുക ഉൾപ്പെടെയുള്ള തുകയ്ക്ക് 2019-20 വർഷത്തിൽ വിതരണക്കാരൻ ജി.എസ്.ടി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. കരാറുകാരൻ കൈപ്പറ്റിയ മുഴുവൻ തുകയ്ക്കും ജി.എസ്.ടി ഒടുക്കിയിട്ടില്ലെങ്കിൽ ജി.എസ്.ടി വകുപ്പുമായി ബന്ധപ്പെട്ട് പരിഹാരനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4266000 | 1243 |
| വിധവാ പെൻഷൻ | 4291200 | 1208 |
| വാർദ്ധക്യകാല പെൻഷൻ | 6074100 | 1777 |
| വികലാംഗ പെൻഷൻ | 1128600 | 313 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 203400 | 57 |

തൊഴിൽ രഹിതവേതനം ഇനത്തിൽ 35640 രൂപ വരവുണ്ടെങ്കിലും അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ തുക തിരികെ അടവാക്കിയിട്ടുണ്ട്.

## 1-8 ക്യാഷ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-10-2021 -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 6137/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

9-8-2021 ന നടന്ന പെർഫോമൻസ് ഓഡിറ്റിൽ 7/2021 വരെയുള്ള രേഖകളുടെ പരിശോധന നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

29-4-2019 മുതൽ 10-05-2019 വരെയുള്ള കാലയളവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2018-19 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് പൂർണ്ണമായും ക്ലോസ് ചെയ്തിട്ടില്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.
ബജറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ തൻവർഷം കൃത്യമായി നടന്നിട്ടില്ല.
പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല.
അവശ്യം സൂക്ഷിക്കേണ്ട തെരുവു വിളക്കുകളുടെ കണക്ക്, പൊതു ടാപ്പുകളുടെ കണക്ക് എന്നിവ കൃത്യമാക്കി സൂക്ഷിക്കാതിരുന്നിട്ടും മേലധികാരികൾ ആവശ്യമായ നിർദ്ദേശം നൽകിയിട്ടില്ല.
എം.എൻ.ആർ.ഇ.ജി.എസ് ബില്ലുകൾ പാസാക്കുമ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നികുതി കുറവാകുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്.
ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതത്തിന്റെ വരവു-ചെലവു കണക്കുകൾ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.
വിവിധ രേഖകളുടെ സൂക്ഷിപ്പ് കൃത്യമാക്കുന്നതിനായി ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 രശീതി പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

സ്ഥാപനത്തിലെ 28-11-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. രശീതി പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് 17.09.2019 ന് ഇഷ്യൂ ചെയ്ത 41200 നം. രസീതി ബുക്കിലെ 68 മുതൽ 73 വരെയുള്ള രസീതികളുടെ പകർപ്പ് നൽകുന്നതിനു പകരം അസ്സൽ ആണ് കക്ഷികൾക്കു നൽകിയിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 20 ൽ രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പണം ഒടുക്കിയ ആൾക്ക് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2. രസീതി പുസ്തകം നം.41200 ലെ രസീതി നം. 80ന്റെ അസലും, പകർപ്പും രശീതി പുസ്തകത്തിൽ നിന്നും നീക്കം ചെയ്തതായി കണ്ടെത്തി. ഡെയ്‌ലി കളക്ഷൻ രജിസ്റ്റർ പ്രകാരം 29.01.2020 ന് ടി.കെ ജോർജ് എന്നയാൾക്കാണ് രസീതി നൽകിയിട്ടുള്ളത്. രസീതി പ്രകാരം 1258 രൂപ ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

3. 2019-20 സാമ്പത്തിക വർഷത്തിൽ ഉപയോഗിക്കാത്ത രശീതികളിൽ ക്യാൻസൽ ചെയ്ത് എ.ഇ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. (രശീതി നമ്പർ 100/41200, 2020-21 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചത് 85/5511 മുതൽ 100/5511 വരെ).

മേൽ വിഷയത്തിന്മേൽ മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/07.10.21 ന് 41200 നം. രസീതി ബുക്കിലെ 68 മുതൽ 73 വരെയുള്ള രസീതികളുടെ പകർപ്പ് നൽകുന്നതിനു പകരം അസ്സൽ കക്ഷികൾക്കു നൽകിയത് അറിവില്ലായ്മ മൂലമാണെന്നും ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രസീതി പുസ്തകം നം.41200 ലെ രസീതി നം. 80ന്റെ അസലും, പകർപ്പും പ്രവൃത്തികളുടെ തിരക്കിനിടയിൽ രസീതി ബുക്കിൽ നിന്നും നീക്കം ചെയ്യുകയും രശീതി ബുക്കുകൾ കൈകാര്യം ചെയ്യുമ്പോൾ കൈമോശം വന്നതായും അറിയിച്ചിരിക്കുന്നു. ഉപയോഗിക്കാത്ത രശീതികളിൽ ക്യാൻസൽ ചെയ്ത് എ.ഇ

സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

രശീതി ബുക്കുകൾ കൈകാര്യം ചെയ്യുമ്പോൾ ഇത്തരം അപാകതകൾ വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-12 കടമുറികളുടെ വാടക - സംവരണം പാലിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് 22 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതായി രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ), 2005 ചട്ടം 10 പ്രകാരം കടമുറികൾ വാടകയ്ക്കു നൽകുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും 10% സംവരണവും അംഗപരിമിതർക്ക് 3% സംവരണവും (50 % ത്തിലധികം വൈകല്യമുള്ളവർക്ക്) നൽകേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും അംഗപരിമിതർക്കും സംവരണം ഏർപ്പെടുത്തിയതിന്റെ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പട്ടികജാതി/പട്ടികവർഗ/ അംഗപരിമിതർ വിഭാഗത്തിന് അർഹമായ സംവരണം ഉറപ്പുവരുത്തിയതായി കാണുന്നില്ല.

സംവരണാനുകൂല്യം നൽകിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 8/12-10-2021 ന് മറുപടി ലഭ്യമാക്കിയതിൽ കടമുറികളുടെ ലേലസമയത്ത് പട്ടികജാതി-പട്ടികവർഗ്ഗം, അംഗപരിമിതർ വിഭാഗത്തിൽ ഉൾപ്പെട്ടവരാരും തന്നെ ലേലത്തിൽ പങ്കെടുക്കാത്തതിനാലാണ് പൊതുവിഭാഗത്തിന് വാടക കടമുറികൾ അനുവദിച്ചതായും അറിയിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടം ഒഴിവാക്കാനാണ് പൊതുവിഭാഗത്തിന് വാടകകടമുറികൾ അനുവദിച്ചതെന്നും തുടർന്നു വരുന്ന ലേലത്തിൽ സംവരണം പൂർണ്ണമായും പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കടമുറികൾ വാടകയ്ക്കു നല്കുമ്പോൾ പട്ടികജാതി/പട്ടികവർഗ/അംഗപരിമിതർ വിഭാഗത്തിന് അർഹമായ സംവരണം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-13 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-13-1 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

2019-20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്ററിൽ 207 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2019-20 ലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 310 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ അടിസ്ഥാന വിവരം കാണിക്കുന്ന രജിസ്റ്ററുകളിലെ വിവരം കാലികമാക്കി സൂക്ഷിക്കുന്നില്ല എന്ന് വിലയിരുത്തുന്നു. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-13-2 ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല

31-10-2017 ലെ എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ചട്ടത്തിലെ പട്ടിക 2 പുതുക്കുകയും മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ സ്ഥാപനങ്ങളെ വിവിധ വിഭാഗങ്ങളായി തിരിക്കുകയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നൽകുന്ന അപേക്ഷാ ഫോറത്തിൽ ഉത്പാദന മേഖല, സേവന മേഖല എന്നീ വിഭാഗങ്ങളിൽ ഏതിലാണ് സ്ഥാപനം ഉൾപ്പെടുന്നതെന്ന് രേഖപ്പെടുത്തുന്നതിനുള്ള കോളം ഇല്ല. 2019-20 സാമ്പത്തിക വർഷത്തിൽ പല അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. മൈക്രോ വിഭാഗത്തിൽ പെടുന്നവരിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ലൈസൻസ് നൽകിയ വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നല്കിയത് | കെട്ടിട നമ്പർ | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| എം. സുദേവൻ | - | പലചരക്ക് കച്ചവടം | 10/430 | 200 |
| അബ്ദുൾ ഖാദർ | - | പച്ചക്കറി വില്പന | 11/372 | 300 |
| മൊയ്തീൻ കുട്ടി | അൽ അമീൻ സ്റ്റോർസ് | ചായകട | 12/283 | 400 |
| യൂസഫ് | മുബാറക്ക് ഹാർഡ്വെയർ | ഹാർഡ്വെയർ ഷോപ്പ് | 17/232 | 300 |
| എം അബ്ബാസ് | ഒറവൻചിറ മിൽസ് | റൈസ്, ഫ്ലോർ, ഓയിൽ മിൽ | 10/83 | 200 |

വ്യത്യസ്ഥ നിരക്കിൽ ഫീസ് ഈടാക്കുന്നതിന് മാനദണ്ഡം നിശ്ചിയിച്ചിട്ടുണ്ടെങ്കിൽ തീരുമാനം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം 6/08-0-2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മൈക്രോ വിഭാഗത്തിലെ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ നിരക്ക് ഈടാക്കുന്നതിന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ലാബ് നിശ്ചയിച്ച് തീരുമാനമെടുക്കാവുന്നതും ആയതിനനുസരിച്ച് ഫീസ് ഈടാക്കാവുന്നതുമാണ്.

മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസിടാക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-13-3 അഗ്നിശമന സേന വകുപ്പിൽ നിന്നും ക്ലിയറൻസ് സർട്ടിഫിക്കറ്റിന് സാധുതയുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന സ്ഥാപനത്തിന് 2019-20 വർഷത്തിൽ അപേക്ഷകന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നൽകിയ വ്യക്തിയുടെ പേര് | കെട്ടിട നമ്പർ |
|---|---|---|
| ചന്ദ്രൻ ട്രേഡേഴ്സ് (പടക്ക നിർമ്മാണശാല) | ജിജി. പി.വി W/o മഹേഷ് ചന്ദ്രൻ, കുണ്ടിൽ ഹൗസ് തിരുവഴിയാട് | 6/610 |

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 6 ലെ(ചട്ടം 12 ഉപചട്ടം 5 ഖണ്ഡിക ഡി) ഈ സ്ഥാപനത്തിന് അഗ്നിശമന സേന വകുപ്പിൽ നിന്നും പ്രസ്തുത സ്ഥാപനത്തിന് ക്ലിയറൻസ് ആവശ്യമാണ്.

അപായ സാധ്യതയുള്ള കച്ചവട സ്ഥാപനമാണെന്നതു കണക്കിലെടുത്ത് അഗ്നിശമന സേന വകുപ്പിൽ നിന്നുള്ള സാധുതയുള്ള സർട്ടിഫിക്കറ്റ് സ്ഥാപനത്തിന് ഉണ്ടോ എന്ന് തുടർപരിശോധന നടത്തി സെക്രട്ടറി ഉറപ്പാക്കിയിട്ടുണ്ടോ എന്ന വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം 6/08-10-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അഗ്നിശമനസേന വകുപ്പിൽ നിന്നുള്ള സാധുതയുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ടി സ്ഥാപനത്തിന് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 എ.ബി.സി പദ്ധതിയുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

പ്രോജക്ട് നം 31/20
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ -350000

ചെലവ് -350000 (ബിൽ നം 8/27.08.2019)

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധയും ജന്തുജന്യരോഗങ്ങളും

നിയന്തിക്കുന്നതിനുമാണ് എ.ബി.സി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഡെപ്യൂട്ടിഡയറക്ടർ (മൃഗസംരക്ഷണം) ആണ് പദ്ധതിയുടെ ജില്ലാതല നിർവ്വഹണോദ്യോഗസ്ഥൻ. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാപഞ്ചായത്ത് ചെലവ് കണക്കാക്കിയിരിക്കുന്നത്. ആയതു പ്രകാരം 233 നായ്ക്കളെയെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈ വർഷം വന്ധ്യംകരിക്കേണ്ടതാണ്. എന്നാൽ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരമോ പദ്ധതിയുടെ പുരോഗതി റിപ്പോർട്ടോ ലഭ്യമല്ല.

ഓഡിറ്റ് അന്വേഷണം നം 3/7.10.2021 മുഖേന ഈ വിവരം സെക്രട്ടറിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വെറ്ററിനറി സർജൻ മുഖേന വിലയിരുത്തി ഓഡിറ്റിനെ അറിയിക്കുന്നതും ജില്ലാപഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതുമാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-15 നിയമാനുസൃത കരാർ ചമയ്ക്കാതെ ഡെപ്പോസിറ്റ് പ്രവൃത്തി നടപ്പാക്കി

പ്രോജക്ട് നം. 61/20-മൂല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
അടങ്കൽ-1243000 (സി.എഫ്.സി ഗ്രാന്റ്)
ചെലവ് -1243000 ( ബിൽ നം. 17/06.12.2019 )
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

കേരള ജല അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്ത് ജല അതോറിറ്റിയുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ട് പ്രവർത്തി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടത്.

പദ്ധതിയുടെ ഫയലിൽ കരാർ ഉടമ്പടി സൂക്ഷിച്ചിട്ടില്ല. എന്നാൽ പദ്ധതി 20.03.2021 ൽ പൂർത്തീകരിച്ചതായും ആകെ 1246630 രൂപ ചെലവായതായും അധികമായി ചെലവഴിച്ചിട്ടുള്ള 3630 രൂപ കൂടി അടവാക്കേണ്ടതാണെന്നും KWA യുടെ 20.03.2021 ലെ കത്തിൽ അറിയിച്ചിട്ടുണ്ട്. അധികം തുക നൽകിയിട്ടുണ്ടെങ്കിൽ വിശദവിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/12.10.2021) മറുപടിയായി അധികം തുക നൽകുന്നതിന് തീരുമാനിച്ചിട്ടില്ലെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും അധികമായി തുക ആവശ്യപ്പെട്ട സാഹചര്യം അന്വേഷണം നടത്തി ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-1-201 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിൽ ഖ. 11.2.3(ഡി).iii പ്രകാരം തദ്ദേശ സ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ കരാറിൽ ഏർപ്പെടാതിരുന്നതാണ് ഈ സാഹചര്യമുണ്ടാകുന്നതിന് ഇടയാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
വ്യക്തമായ കരാർ ചമച്ചതിനുശേഷം മാത്രം മറ്റ് ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയത്തിന്മേലുള്ള തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 1-16 പാലക്കുഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി-ഷെയർ സർട്ടിഫിക്കറ്റ് ലാഭവിഹിതം ഉറപ്പാക്കേണ്ടതാണ്

പ്രോജക്ട് നം. 32/20-പാലക്കുഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി-വിഹിതം നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ -200000 (വികസനഫണ്ട് ജനറൽ)
ചെലവ് -200000 (ബിൽ നം 15/06.02.2019)

പാലക്കുഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട് . ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ വിഹിതം നൽകിയ സ്ഥാപനം എന്ന നിലയിൽ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം ലാഭവിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും ഷെയർ വാല്യൂ ഗ്രാമപഞ്ചായത്ത് വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവരേണ്ടതുമാണ്.
ലാഭവിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/7.10.2021) മറുപടിയായി സെക്രട്ടറി അറിയിച്ചു.
തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും- അർഹമായ തുക അനുവദിച്ചില്ല

ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിന് ആവശ്യമായ സ്കോളർഷിപ്പും ബത്തയും നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2019-20 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ ചുവടെ ചേർക്കുന്ന പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

പ്രോജക്റ്റ് നം./പേര് : 162/20 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും

ചെലവിന്റെ വിശദാംശങ്ങൾ :

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 400000 | 399774 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 257175 | 251169 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 450000 | 0 |
| ആകെ | 1107175 | 650943 |

സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് സ്പെഷ്യൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രയ്ക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28500 രൂപ വരെ നൽകാവുന്നതാണ്. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്. തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പിന്റെ 25.01.2019-ലെ ഡിഎ1/19/2019/തസ്വഭവ സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

17.10.2019 ലെ 1/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം 53 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന 37 കുട്ടികൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന 1-4 ക്ലാസിൽ പഠിക്കുന്ന 5 കുട്ടികളും 5-8 ക്ലാസുകളിൽ പഠിക്കുന്ന 4 കുട്ടികൾക്കുമുൾപ്പെടെ ആകെ 46 പേർക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പ്, പ്രതിമാസ യാത്രാബത്ത എന്നിവയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കും പ്രതിമാസ സ്കോളർഷിപ്പ്, വാർഷിക ബത്ത എന്നിവയും 2019 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള 9 മാസത്തേക്കുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത്. 4,50,000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയത് ലഭ്യമാക്കാത്തതുമൂലം ആകെ അടങ്കൽ തുകയുടെ 58 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/06.10.2021 -ന് ഫണ്ടിന്റെ അപര്യാപ്തത മൂലം ജില്ലാ പഞ്ചായത്ത് വിഹിതം സമയബന്ധിതമായി ലഭ്യമാകാതിരുന്നതിനാലാണ് അർഹതപ്പെട്ട മുഴുവൻ തുകയും വിതരണം ചെയ്യാൻ കഴിയാതെ വന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്.
അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-18 എസ് എസ് എ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് നം./പേര് : 14/20- എസ്. എസ്. എ വിഹിതം നൽകൽ
അടങ്കൽ : 700000/ -വികസന ഫണ്ട് (പൊതു വിഭാഗം)
ചെലവ് : 700000/-
ബിൽ നം. 07/19-20 തീയതി 19.10.2020
നിർവ്വഹണ ഉദ്യോഗസ്ഥ- എച്ച്.എം

700000/- രൂപ സർവ്വ ശിക്ഷാ അഭിയാൻ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് (അക്കൗണ്ട് നം. 0812101063416 CNRB0000812) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. 29.01.2018-ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.3-ൽ ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകൾ, ചെലവിന്റെ മറ്റു

വിശദാംശങ്ങൾ എന്നിവ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം. നം. 11/13.10.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തുകയുടെ വിനിയോഗ സാക്ഷ്യപത്രം നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്നിവ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-19 സാക്ഷരതാ തുല്യതാ പരിപാടി- രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം./പേര് : 17/20 സാക്ഷരതാ തുല്യതാ പരിപാടി
അടങ്കൽ : 50000/ -വികസന ഫണ്ട് (പൊതു വിഭാഗം)
ചെലവ്: 49750/-
ബിൽ നം. 23/19-20 തീയതി 31.03.2020 -₹ 24750
ബിൽ നം. 24/19-20 തീയതി 31.03.2020 -₹ 25000
നിർവ്വഹണ ഉദ്യോഗസ്ഥൻ – എച്ച്.എം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 13 പേർക്ക് 1850/- രൂപ നിരക്കിൽ പത്താം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 24050/- രൂപയും 10 പേർക്ക് 2500/- രൂപ നിരക്കിൽ ഹയർ സെക്കന്ററി തുല്യതാ കോഴ്സിനുള്ള ഫീസായ 25000/- രൂപയും പട്ടികജാതി വിഭാഗത്തിൽപെട്ട 7പേർക്ക് 100/- രൂപ നിരക്കിൽ ഹയർ സെക്കന്ററി തുല്യതാ കോഴ്സിനുള്ള ഫീസായ 700/- രൂപയും ഉൾപ്പെടെ 49750/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 02880100113107 UCBA0000288).

പഠിതാക്കളുടെ കോഴ്സ് പഠനത്തിനുള്ള അപേക്ഷകൾ, രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ, പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവയും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.11/13.10.2021-ന് മറുപടി നൽകിയിട്ടില്ല.
വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റിനു ലഭ്യമാക്കുന്നതുവരെ 49750 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-20 സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ-ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്

നിർവഹണം : ഹെഡ്മിസ്ട്രസ്
പ്രൊജക്ട് നം./പേര് : 100/20 സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ

അടങ്കൽ : 818045/ -വികസന ഫണ്ട് (എസ്.സി.പി)

ചെലവ്: 806318/-

1. ബിൽ നം. 4/19-20 തീയതി 14.10.2019 -₹ 43582
2. ബിൽ നം. 5/19-20 തീയതി 15.10.2019 -₹42932
3. ബിൽ നം. 9/19-20 തീയതി 25.10.2019 -₹43030
4. ബിൽ നം. 11/19-20 തീയതി 07.11.2019 -₹ 42932
5. ബിൽ നം. 13/19-20 തീയതി 12.11.2019 -₹ 50765
6. ബിൽ നം. 14/19-20 തീയതി 21.11.2019 -₹ 50569
7. ബിൽ നം. 16/19-20 തീയതി 09.12.2019 -₹ 58239
8. ബിൽ നം. 17/19-20 തീയതി 14.12.2019 -₹43875
9. ബിൽ നം. 18/19-20 തീയതി 27.01.2020 -₹64837
10. ബിൽ നം. 19/19-20 തീയതി 27.01.2020 -₹121420
11. ബിൽ നം. 20/19-20 തീയതി 13.02.2020 -₹58564
12. ബിൽ നം. 21/19-20 തീയതി 17.02.2020 -₹61164
13. ബിൽ നം. 22/19-20 തീയതി 31.03.2020 -₹124409

സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനായി മേൽ സൂചിപ്പിച്ച വിവിധ ബില്ലുകൾ പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. ആയതിൽ ക്രമ നം.2 -₹42932, ക്രമ നം. 10-₹121420, ക്രമ നം.11 -₹58564 എന്നീ ബില്ലുകൾക്കൊപ്പം ഏതൊക്കെ വിദ്യാലയങ്ങളിലെ എത്ര കുട്ടികൾക്ക് ഭക്ഷണം വിതരണം ചെയ്തു എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം. 11/13.10.2021-ന് നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

രേഖകൾ ഹാജരാക്കുന്നതുവരെ ആകെ 222916 രൂപയുടെ ചെലവ് (42932+121420+58564) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഹാജരാക്കാതിരുന്ന രേഖകൾ ഓഡിറ്റിനു ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-21 സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ-രേഖകൾ ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് നം./പേര് : 19/20 സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ

നിർവഹണം : ഹെഡ്മിസ്ട്രസ്

അടങ്കൽ : 734500/ -വികസന ഫണ്ട് (പൊതു വിഭാഗം)

2115500/- തനത് ഫണ്ട്

ആകെ: 2850000/-

ചെലവ്: 734500/ -വികസന ഫണ്ട് (പൊതു വിഭാഗം)

1620862/- തനത് ഫണ്ട്

ആകെ: 2355362/-

വികസന ഫണ്ടിൽ നിന്നുള്ള ചെലവിന്റെ വിശദാംശങ്ങൾ

1. ബിൽ നം. 3/19-20 തീയതി 14.10.2019 -₹125384
2. ബിൽ നം. 6/19-20 തീയതി 15.10.2019 -₹123727
3. ബിൽ നം. 8/19-20 തീയതി 25.10.2019 -₹125287
4. ബിൽ നം. 10/19-20 തീയതി 07.11.2019 -₹126945
5. ബിൽ നം. 12/19-20 തീയതി 12.11.2019 -₹148459
6. ബിൽ നം. 15/19-20 തീയതി 28.11.2019 -₹84698

തനത് ഫണ്ടിൽ നിന്നുള്ള ചെലവിന്റെ വിശദാംശങ്ങൾ

1. ചെക്ക് നം. 10655 തീയതി 19.11.2019 – ₹63826
2. ചെക്ക് നം. 10661 തീയതി 29.11.2019 – ₹169519
3. ചെക്ക് നം. 10676 തീയതി 10.12.2019 – ₹127302
4. ചെക്ക് നം. 11305 തീയതി 24.01.2020 – ₹541578
5. ചെക്ക് നം. 11318 തീയതി 14.02.2020 – ₹169552
6. ചെക്ക് നം. 11324 തീയതി 13.02.2020 – ₹181089
7. ചെക്ക് നം. 11336 തീയതി 02.03.2020 – ₹212127
8. ചെക്ക് നം. 113312 തീയതി 18.03.2020 – ₹155869

സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ആയതിൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ബിൽ നം. 10/07.11.2019 -₹126945, 15/28.11.2019 -₹84698 തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച ചെക്ക് നം. 11324/3.02.2020 –₹181089, ചെക്ക് നം. 113312/18.03.2020 – ₹155869 എന്നിവ പ്രകാരം ഏതൊക്കെ വിദ്യാലയങ്ങളിലെ എത്ര കുട്ടികൾക്ക് ഏതൊക്കെ തീയതിയിൽ എന്തു ഭക്ഷണം വിതരണം ചെയ്തു എന്നതിന്റെ രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം. 11/13.10.2021 നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ രേഖകൾ ഹാജരാക്കാത്ത ബില്ലുകളുടെ ആകെ ചെലവ് തുക 548601/- രൂപ (126945+84698+181089+155869) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-22 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 254 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 108 പ്രവൃത്തികൾക്കുള്ള തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 9.06 കോടി രൂപയിൽ 3.14 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 35% ആണ് മരാമത്ത് പ്രവൃത്തികൾക്കായുള്ള ചെലവ്.

146 പ്രോജക്റ്റുകൾ സ്പിൽ ഓവറായി അടുത്ത വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. പല കരാറുകാരും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നത് ഫണ്ട് വിനിയോഗത്തെ ബാധിച്ചിട്ടുണ്ട്. PWD മാന്വൽ പ്രകാരം പരമാവധി 50% വരെയുള്ള കാലയളവാണ് പൂർത്തീകരണത്തിനായി ദീർഘിപ്പിച്ച് നൽകാവുന്നത്. മാന്വലിലെ ഈ വ്യവസ്ഥ പാലിക്കുന്നില്ല. കോവിഡ് പ്രതിസന്ധിക്കു മുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തികൾ പോലും തൻവർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ എണ്ണക്കൂടുതൽ തൻവർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ട്രഷറിയിൽ സമർപ്പിച്ച 1.567 കോടി രൂപ മൂല്യമുള്ള 63 ബില്ലുകൾ ക്യൂ വിൽ ആവുകയും തൻവർഷത്തെ അലോട്ട്മെന്റിൽ നിന്നും തുക മാറുവാൻ സാധിക്കാതെ വരികയും ബില്ലുകളെല്ലാം സ്പിൽ ഓവറാക്കേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനത്തിൽ കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടെന്നും എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 2(1)/7-10-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-23 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കണം

അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| റോഡ് കോൺക്രീറ്റിംഗ് | 24 |

| | |
|---|---|
| റോഡ് ടാറിംഗ് | 32 |
| റോഡ് നവീകരണം, അരിക സംരക്ഷണം | 21 |
| ഡ്രൈനേജ്, കൾവർട്ട് | 4 |
| കെട്ടിട നിർമ്മാണം | 3 |
| കെട്ടിട നവീകരണം, ചുറ്റമതിൽ | 7 |
| കോളനി വികസനം | 9 |
| കുടിവെള്ളം, പൈപ്പ്ലൈൻ | 8 |
| ആകെ | 108 |

തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികളിൽ 71 ശതമാനവും റോഡ് പ്രവൃത്തികളാണ്.

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

2. സചിത്ര സോഫ്റ്റ്വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തു വാനും സാധിച്ചിട്ടില്ല.

3. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

4. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്.

5. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

6. പല ഫയലുകളിലും സെലക്ഷൻ നോട്ടീസ്, എസ്റ്റിമേറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

7. മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എഴുതാതെയാണ് പല ബില്ലുകളും തയ്യാറാക്കിയിരിക്കുന്നത്.

8. പല അളവു പുസ്തകങ്ങളിലും മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എഴുതി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

10. ടാറിംഗ് ഉൾപ്പെടുന്ന പ്രവൃത്തികളുടെ ടാർ പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 2(2)/7-10-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-24 ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര

ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷം ആസ്തി സംരക്ഷണം ഫലപ്രദമായിരുന്നോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിക്കുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ആസ്തി രജിസ്റ്ററിൽ 2019-20 വരെയുള്ള ഡാറ്റ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല.

3. റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ 4.69 കോടി രൂപ വകയിരുത്തി 120 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 52 പ്രോജക്ടുകൾക്കായി 1.79 കോടി രൂപ (വകയിരുത്തിയ തുകയുടെ 36%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

4. റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 66.55 ലക്ഷം രൂപ വകയിരുത്തി 17 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 12 പ്രവൃത്തികൾക്കായി 36.11 ലക്ഷം രൂപ (വകയിരുത്തിയ തുകയുടെ 54%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആശുപത്രികൾക്ക് മരുന്നു വാങ്ങുന്നതിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾക്കുമായി 8 ലക്ഷം രൂപയും ആകെ ചെലവിൽ ഉൾപ്പെടുന്നുണ്ട്.

5. നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഉദാ. 157/21-PHC മെയിന്റനൻസ് - 14.58ലക്ഷം രൂപ

157/21- - കയറാടി GLPS മെയിന്റനൻസ് - 4.80 ലക്ഷം രൂപ

174/21-അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ - 6 ലക്ഷം രൂപ

277/21-വെറ്ററിനറി സബ്സെന്റർ നവീകരണം-1.5 ലക്ഷം രൂപ

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച് മുൻഗണന നിശ്ചയിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.
2. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 2(3)/7-10-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-25 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. പല പ്രവൃത്തികളുടെ ഫയലിലും അത്തരത്തിലുള്ള അപേക്ഷയും നിർവ്വഹണ ഉദ്യോഗസ്ഥനായി അസി. എഞ്ചിനിയറുടെ ശുപാർശയും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട പിഴയും ഈടാക്കാതെയാണ് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്. ഏതാനും പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും തുക ഭാഗികമായി മാത്രം ക്രമീകരിച്ചതായും കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 50/18-കൊശത്തറ തെക്കേത്തറ റോഡ് സൈഡ് പ്രൊട്ടക്ഷൻ, റീടാറിംഗ്<br>അടങ്കൽ - 600000 (MG-Road)<br>PAC- 599693<br>കരാറുകാരൻ - ശ്രീ.രവീന്ദ്രൻ.വി<br>എഗ്രിമെന്റ് നം.:91/17-10-2017<br>അളവു പുസ്തകം - 91/17-18<br>ചെലവ് - 599495<br>ബിൽ നം.21/15-5-2019<br>പൂർത്തീകരണ കാലാവധി - 6 മാസം | 16-4-2018 | 8-3-2019 | 0 | 17390 (3%) | 17390 |
| 2 | 65/18-ഹോമിയോ ആശുപത്രി കെട്ടിടം നവീകരണം<br>അടങ്കൽ - 100000 (MG-NR)<br>PAC- 99553<br>കരാറുകാരൻ - ശ്രീ.സലീം.ഐ<br>എഗ്രിമെന്റ് നം.:108/27-10-2017<br>അളവു പുസ്തകം - 108/17-18<br>ചെലവ് - 99949<br>ബിൽ നം.43/9-7-2019<br>പൂർത്തീകരണ കാലാവധി - 6 മാസം | 26-4-2018 | 29-10-2018 | 0 | 2986 (3%) | 2986 |
| 3 | 196/19-തിരുവഴിയോട് അമ്പലമുക്ക് പഞ്ചായത്ത് കിണർ പുനരുദ്ധാരണം<br>അടങ്കൽ - 200000 (CFC)<br>PAC- 194819<br>കരാറുകാരൻ - ശ്രീ.കാസിം<br>എഗ്രിമെന്റ് നം.:41/31-8-2018<br>അളവു പുസ്തകം - 162/18-19<br>ചെലവ് - 199749<br>ബിൽ നം.60/7-9-2019<br>പൂർത്തീകരണ കാലാവധി - 6 മാസം | 30-2-2019 | 18-6-2019 | 1948 | 5844 (3%) | 3896 |
| 4 | 156/19-വീഴ്‌ലി എസ്.സി കോളനി സമഗ്ര വികസനം<br>അടങ്കൽ - 250000 (SCP)<br>PAC- 242464<br>കരാറുകാരൻ - ശ്രീ.പുഷ്പാകരൻ.സി<br>എഗ്രിമെന്റ് നം.:11/29-8-2018<br>അളവു പുസ്തകം - 147(1,2)/18-19<br>ചെലവ് - 165104 | 28-2-2019 | 8-5-2019 | 2425 | 7173 (3%) | 4848 |

| | | | | | | |
|---|---|---|---|---|---|---|
| | ബിൽ നം.70/7-9-2019<br>പൂർത്തീകരണ കാലാവധി - 6 മാസം | | | | | |
| 5 | 197/19-ആരിയക്കോട് പഞ്ചായത്ത് കിണർ മെയ്ന്റനൻസ്<br>അടങ്കൽ - 200000 (CFC)<br>PAC- 199618<br>കരാറുകാരൻ - ശ്രീ.ടി.കെ.ജോർജ്ജ്<br>എഗ്രിമെന്റ് നം.:51/1-9-2018<br>അളവു പുസ്തകം - 163/18-19<br>ചെലവ് - 199618<br>ബിൽ നം.78/15-11-2019<br>പൂർത്തീകരണ കാലാവധി - 6 മാസം | 31-3-2019 | 22-7-2019 | 2000 | 5772<br>(3%) | 3772 |
| 6 | 273/20-അയിലൂർ GUPS മെയ്ന്റനൻസ്<br>അടങ്കൽ - 900000 (CFC)<br>PAC- 898054<br>കരാറുകാരൻ - ശ്രീ.രവീന്ദ്രൻ<br>എഗ്രിമെന്റ് നം.:157/10-11-2017<br>അളവു പുസ്തകം - 157/17-18<br>ചെലവ് - 896358<br>ബിൽ നം.81/11-12-2019<br>പൂർത്തീകരണ കാലാവധി - 6 മാസം | 9-5-2018 | 25-4-2019 | 8980 | 26941<br>(3%) | 17961 |
| 7 | 162/18-അയിലൂർ GUPS സ്മാർട്ട് ക്ലാസ് റൂം<br>അടങ്കൽ - 300000 (MGR)<br>PAC- 282648<br>കരാറുകാരൻ - ശ്രീ.രവീന്ദ്രൻ<br>എഗ്രിമെന്റ് നം.:158/10-11-2017<br>അളവു പുസ്തകം - 165/18-19<br>ചെലവ് - 233857<br>ബിൽ നം.80/11-12-2019<br>പൂർത്തീകരണ കാലാവധി - 6 മാസം | 9-5-2018 | 12-4-2019 | 2710 | 5479<br>(3%) | 2769 |
| 8 | 305/19-വേലുമണിമുക്ക് പഞ്ചായത്ത് കിണർ നവീകരണം<br>അടങ്കൽ - 200000 (CFC)<br>PAC- 197000<br>കരാറുകാരൻ - ശ്രീ.ഷാജി.വൈ<br>എഗ്രിമെന്റ് നം.:117/27-10-2017<br>അളവു പുസ്തകം - 160/18-19<br>ചെലവ് - 160367<br>ബിൽ നം.83/23-12-2019<br>പൂർത്തീകരണ കാലാവധി - 6 മാസം | 26-4-2018 | 19-7-2019 | 1970 | 5910<br>(3%) | 3940 |
| 9 | 236/20-ഇടശ്ശേരി റോഡ് സൈഡ് പ്രൊട്ടക്ഷൻ<br>അടങ്കൽ - 200000 (MG-Rd)<br>PAC- 199996<br>കരാറുകാരൻ - ശ്രീ.സഞ്ജയ്കുമാർ<br>എഗ്രിമെന്റ് നം.:17/4-10-2017<br>അളവു പുസ്തകം - 734/17-18<br>ചെലവ് - 200000<br>ബിൽ നം.100/27-1-2020<br>പൂർത്തീകരണ കാലാവധി - 6 മാസം | 3-4-2018 | 6-2-2020 | 0 | 5999<br>(3%) | 5999 |

| | | | | | | |
|---|---|---|---|---|---|---|
| 10 | 277/17, 340/18, 235/20, 350/21-കൊടിക്കരിമ്പ് അങ്കണവാടി നിർമ്മാണം<br>അടങ്കൽ - 145000 (തനതു ഫണ്ട്-580000+സാമൂഹ്യക്ഷേമം-870000)<br>PAC- 1449726<br>കരാറുകാരൻ - ശ്രീ.സതീഷ്.എം.പി<br>എഗ്രിമെന്റ് നം.:97/24-10-2017<br>അളവു പുസ്തകം - 97/17-18, 98/17-18<br>ചെലവ് - 1216482<br>ബിൽ നം.100/27-1-2020<br>പൂർത്തീകരണ കാലാവധി - 7 മാസം | 23-5-2018 | 21-11-2018 | 0 | 43491 (3%) | 43491 |

ആകെ – 107052 രൂപ

ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 4(1)/7-10-21 നുള്ള മറുപടിയിൽ പല പ്രവൃത്തികൾക്കും പിഴ ഈടാക്കാതിരുന്നതിന്റെ വ്യക്തമായ കാരണം സൂചിപ്പിച്ചിട്ടില്ല. വ്യക്തമായ കാരണം മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിൽ മറുപടി കൂടി പരിഗണിച്ചാണ് പിഴ കണക്കാക്കിയിട്ടുള്ളത്. പിഴ ഈടാക്കാതിരുന്നതിനും കുറവായി ഈടാക്കിയതിനും വിവിധ കാരണങ്ങൾ കാണിച്ചിട്ടുണ്ടെങ്കിലും ആയത് തെളിയിക്കുന്ന യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിശോധിച്ചുമാത്രം ഫൈനോടുകൂടിയോ അല്ലാതെയോ കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. രണ്ടു തവണ മാത്രം കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. കരാറുകാരന്റെ അപേക്ഷ, എ.ഇ യുടെ ശുപാർശ എന്നിവയൊന്നും ഫയലിലില്ല. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കാത്തതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടാകുവാനും ഇടയാക്കിയിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 കൾവർട്ട് നിർമ്മാണം-ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള രേഖാമൂലമുള്ള അനുമതി ലഭ്യമാക്കിയില്ല

36/19-പോറോട് എസ്.സി. കോളനി കനാൽ കൾവർട്ട് നിർമ്മാണം

അടങ്കൽ - 400000 (SCP)

PAC- 400000

കരാറുകാരൻ - ശ്രീ.സഞ്ജയ്കുമാർ

എഗ്രിമെന്റ് നം.:68/06-09-2018

അളവു പുസ്തകം - 169/18-19

ചെലവ് - 397726

ബിൽ നം.109/31-1-20

പോറോട് എസ്.സി കോളനിയിലെ കൾവർട്ട് നിർമ്മാണത്തിന്റെ ഫയൽ പരിശോധിച്ചപ്പോൾ ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമാക്കാതെയാണ് കൾവർട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് കണ്ടെത്തി. ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ, മലമ്പുഴയുടെ 8-2-2019 ലെ എ6/313/18 നം. കത്ത് പ്രകാരം കൾവർട്ട് നിർമ്മാണത്തിന്റെ രൂപരേഖയിലെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയർ 9-7-2019 ലെ കത്ത് നം.7/AE/19-20 പ്രകാരം നടപ്പാലത്തിന്റെ രൂപരേഖ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. രേഖകൾ ഇറിഗേഷൻ വകുപ്പിന് സമർപ്പിച്ച് നിർമ്മാണാനുമതി ലഭ്യമാക്കിയതിന്റെ രേഖകളൊന്നും ഫയലിൽ കാണുന്നില്ല.

പ്രവൃത്തിയുടെ നിർമ്മാണം 7-1-2020 ന് പൂർത്തീകരിച്ചിട്ടുണ്ട്.

മറ്റൊരു വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് ആ വകുപ്പിന്റെ രേഖാമൂലമുള്ള അനുമതി ലഭ്യമാക്കാതെ നിർമ്മാണം നടത്തിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.4(2)/7-10-2021 ന് ഇറിഗേഷൻ എക്സി.എഞ്ചിനിയറുടെ വാക്കാലുള്ള നിർദ്ദേശ പ്രകാരമാണ് പ്രവൃത്തി ആരംഭിച്ചതെന്നും അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

രേഖാമൂലമുള്ള അനുമതിയില്ലാതെ നടത്തുന്ന ഇത്തരം പ്രവൃത്തികൾ ഭാവിയിൽ നിയമപ്രശ്നങ്ങൾക്ക് ഇടവരുത്തുന്നതാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിലേക്ക് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 അടിപെരണ്ട ബസ് സ്റ്റാന്റിനോടനുബന്ധിച്ച് നിർമ്മിച്ച കംഫർട്ട് സ്റ്റേഷനിൽ നിന്നും യൂസർ ഫീ ഉറപ്പാക്കണം

2019-20 വർഷത്തിൽ 485849 രൂപ ചെലവഴിച്ച് അടിപെരണ്ട ബസ് സ്റ്റാന്റിനോടനുബന്ധിച്ച് ഒരു കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

386/19-കംഫർട്ട് സ്റ്റേഷൻ നിർമ്മാണം

അടങ്കൽ - 562025 (CFC)

കരാറുകാരൻ - ശ്രീ.സക്കീർ ഹുസൈൻ

എഗ്രിമെന്റ് നം.:128/24-09-2018

അളവു പുസ്തകം - 60/18-19, 76/18-19

ചെലവ് - 485849

ബിൽ നം.34/28-6-2019

കംഫർട്ട് സ്റ്റേഷന്റെ രൂപരേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കംഫർട്ട് സ്റ്റേഷനിൽ നിന്നും നാളിതുവരെ യൂസർ ഫീ ഇനത്തിൽ വരവുള്ളതായി കാണുന്നില്ല.

കംഫർട്ട് സ്റ്റേഷന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.4(2)/7-10-2021 ന് ഗ്രാമപഞ്ചായത്താണ് തുടർനടപടികൾ സ്വീകരിക്കേണ്ടതെന്ന് അറിയിച്ചിട്ടുണ്ട്.

കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള വരുമാനം ഉറപ്പാക്കുവാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 കെട്ടിട നവീകരണ പ്രവൃത്തികൾ നടത്തിയപ്പോൾ ലഭ്യമായ വസ്തുക്കൾ ലേലം ചെയ്ത് കയ്യൊഴിച്ചതിന് രേഖകളില്ല

1. അയിലൂർ PHC നവീകരണം

111/19-അയിലൂർ PHC മെയിന്റനൻസ്

അടങ്കൽ - 640000 (MGNR)

കരാറുകാരൻ - ശ്രീ.സലീം.ഐ

എഗ്രിമെന്റ് നം.:104/24-09-2018

അളവു പുസ്തകം - 56/18-19

ചെലവ് - 618517

ബിൽ നം.44/9-7-2019

മേൽ പ്രവൃത്തിയുടെ അളവു പുസ്തകത്തിലെ ഇനം 2 പ്രകാരം വാതിലുകൾ, ജനലുകൾ, ഷട്ടറുകൾ എന്നിവ ഇളക്കി മാറ്റുന്നതിനായി 3033 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 14 എണ്ണമാണ് ഇളക്കി മാറ്റിയിട്ടുള്ളത്. ലഭ്യമായ ഇനങ്ങളിൽ ഉപയോഗരഹിതമായതിന്റേയും ഉപയോഗിക്കുവാൻ സാധിക്കുന്നതിന്റേയും വിവരം അളവു പുസ്തകത്തിൽ

രേഖപ്പെടുത്തിയിട്ടില്ല. മരസാമഗ്രികൾ പഞ്ചായത്തിലേക്ക് നൽകിയതിനോ ഉചിതമായ രീതിയിൽ കയ്യൊഴിച്ചതിനോ രേഖകളില്ല. മരത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

2. കയറാടി GLPS PHCനവീകരണം

120/19-കയറാടി GLPS മെയ്ന്റനൻസ്

അടങ്കൽ - 495000 (MGNR)

കരാറുകാരൻ - ശ്രീ.സലീം.ഐ

എഗ്രിമെന്റ് നം.:6/29-08-2018

അളവു പുസ്തകം - 64/18-19

ചെലവ് - 483181

ബിൽ നം.45/9-7-2019

മേൽ പ്രവൃത്തിയുടെ അളവു പുസ്തകത്തിലെ ഇനം 3 പ്രകാരം 0.783 Cu.m മരം മേൽക്കൂരയിൽ നിന്നും നീക്കം ചെയ്തതിന് 2065 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമായ മരസാമഗ്രികളിൽ ഉപയോഗരഹിതമായതിന്റേയും ഉപയോഗിക്കുവാൻ സാധിക്കുന്നതിന്റേയും വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മര സാമഗ്രികൾ പഞ്ചായത്തിലേക്ക് നൽകിയതിനോ ഉചിതമായ രീതിയിൽ കയ്യൊഴിച്ചതിനോ രേഖകളില്ല.

മരത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

3. 273/20-അയിലൂർ GUPS മെയിന്റനൻസ്

അടങ്കൽ - 900000 (CFC)

PAC- 898054

കരാറുകാരൻ - ശ്രീ.രവീന്ദ്രൻ

എഗ്രിമെന്റ് നം.:157/10-11-2017

അളവു പുസ്തകം - 157/17-18

ചെലവ് - 896358

ബിൽ നം.81/11-12-2019

മേൽ പ്രവൃത്തിയുടെ അളവു പുസ്തകത്തിലെ ഇനം 3 പ്രകാരം 5.33 Cu.m മരം മേൽക്കൂരയിൽ നിന്നും നീക്കം ചെയ്തതിന് 14365 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമായ മരസാമഗ്രികളിൽ ഉപയോഗരഹിതമായതിന്റേയും ഉപയോഗിക്കുവാൻ സാധിക്കുന്നതിന്റേയും വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മര സാമഗ്രികൾ പഞ്ചായത്തിലേക്ക് നൽകിയതിനോ ഉചിതമായ രീതിയിൽ കയ്യൊഴിച്ചതിനോ രേഖകളില്ല.

ഓഡിറ്റ് അന്വേഷണം നം.4(2)/7-10-2021 നള്ള മറുപടിയിൽ വസ്തുക്കൾ കയ്യൊഴിക്കുന്നതിനായി വില നിശ്ചയിച്ച് സെക്രട്ടറിക്ക നൽകിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

വസ്തുക്കൾ ലേലം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 4.10.2021 മുതൽ 22.10.2021 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1 | പാൽ സബ്സിഡി | 0 | 1 |
| | 2017-18 | 5547200 | ക്രിമട്ടോറിയം | 322186 | 5225014 |
| | 2018-19 | 7175 | ഭിന്നശേഷി സ്കോളർഷിപ്പ് | 7175 | 0 |
| | 2018-19 | 252925 | ലൈഫ് ഭവനം | 252925 | 0 |
| | 2018-19 | 237782 | ലൈഫ് ഭവനം-എസ്.സി | 237782 | 0 |
| | 2019-20 | 2919728 | 186/20-ലൈഫ് ഭവനം-എസ്.സി | 2587075 | 332653 |
| | 2019-20 | 1224480 | 327/20-ലൈഫ് ഭവനം-എസ്.സി | 157976 | 1066504 |
| | 2019-20 | 2200000 | 226/20-ലൈഫ് ഭവനം (നേരിട്ട്) | 2200000 | 0 |
| | 2019-20 | 720000 | 228/20-ലൈഫ് ഭവനം (നേരിട്ട്) | 720000 | 0 |
| | 2019-20 | 150000 | 5/20-പാലിയേറ്റീവ് | 99334 | 50666 |
| | 2019-20 | 250000 | 162/20-ഭിന്നശേഷി സ്കോളർഷിപ്പ് | 243994 | 6006 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1001483 | ലൈഫ്-ജനറൽ | 1001483 | 0 |
| | 2018-19 | 1094389 | ലൈഫ്-SCP | 1094389 | 0 |
| | 2019-20 | 797555 | 186/20-ലൈഫ്-SCP(നേരിട്ട്) | 797555 | 0 |
| | | 301483 | 226/20-ലൈഫ് (നേരിട്ട്) | 301483 | 0 |
| | | 700000 | 228/29-ലൈഫ് (നേരിട്ട്) | 700000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 296834 | 387/ലൈഫ്-എസ്.സി (നേരിട്ട്) | 296834 | 0 |
| | | 2088211 | ലൈഫ് ഭവനം | 2088211 | 0 |
| ഗ്രാമപഞ്ചായത്ത്-നെല്ലിയാമ്പതി | 2018-19 | 2520000 | ലൈഫ് (Gen+SCP) | 1940000 | 580000 (Gen-180000+ 400000) |

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്ത ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും നേരിട്ട് ചെലവഴിച്ച തുകകൾ കൂടി മേൽ പട്ടികയിൽ ചേർത്തിട്ടുണ്ട്.

ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്റ്റുകളുടെ തുക ചെലവഴിക്കുകയോ അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 29/20-വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | (തനത് ഫണ്ട്) | 19696 | വിനിയോഗ രേഖകൾ ലഭ്യമായില്ല( 2020-21 വർഷത്തിൽ പദ്ധതി തുടരുന്നു) |
| KWA | 61/20-പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 17/6-12-19 | 1243000 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 25920000 | 15120000 | 41040000 | 3025882 (*) | | 38014118 |

(*) 2705882 രൂപ വികസന ഫണ്ട് ജനറലിൽ നിന്നുള്ള തിരിച്ചടവും 320000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് തിരിച്ചടച്ചതുമാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി ജില്ലാപഞ്ചായത്തിന് നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും ഷെയർ വാല്യൂ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവരേണ്ടതുമാണ്.

4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യപത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 474816 രൂപ വരവുണ്ട്. ആയത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വിവിധ റിപ്പോർട്ടുകളിലെ പരാമർശം പ്രകാരം തിരിച്ച് പിടിച്ച തുക | 87062 രൂപ |
| കംപ്ട്രോളർ&ഓഡിറ്റർ ജനറലിന്റെ വിവിധ റിപ്പോർട്ടുകളിൽ നിന്നും ഈടാക്കിയ തുക | 93679 രൂപ |
| പെർഫോമൻസ് ഓഡിറ്റ് വിഭാഗംത്തിന്റെ പരാമർശത്തെ തുടർന്ന് ഈടാക്കിയ തുക | 20 രൂപ |
| ഓഡിറ്റ് റിക്കവറി ഹെഡിൽ തെറ്റായി അക്കൗണ്ട് ചെയ്ത തുക<br>(ടെണ്ടർ ഫോമുകളുടെ വില AE, LSGD യുടെ അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് മാറ്റിയത്) | 294055 |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വിവിധ റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പ്രകാരം ഈടാക്കിയ 87062 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | രശീത് നമ്പർ തിയ്യതി | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| 2017-18 | 2(2)(സി) | 5000 | 119020101067/ 27.06.19 | ശ്രീമതി. ജോയ്സി വർഗ്ഗീസ്, സെക്രട്ടറി | വിവിധ കരാറുകാരിൽ നിന്നും കുടിശ്ശിക സഹിതം ഈടാക്കിയ തൊഴിൽനികുതി |
| 2017-18 | 2(2)(സി) | 2500 | 119020101070/ 27.06.19 | | |
| 2017-18 | 2(2)(സി) | 2500 | 119020101071/ 27.06.19 | | |
| 2017-18 | 2(2)(സി) | 5000 | 119020101072/ 2706.2019 | | |
| 2017-18 | 2(2)(സി) | 5000 | 119020101073/ 27.06.2019 | | |
| 2017-18 | 2(2)(സി) | 5000 | 119020101074/ 2706.2019 | | |
| 2017-18 | 2(2)(സി) | 2500 | 119020101075/ 27.06.2019 | | |
| 2017-18 | 2(2)(സി) | 2500 | 119020101078/ 27.06.2019 | | |
| 2017-18 | 2(2)(സി) | 5000 | 119020101109 /29.06.2019 | | |
| 2017-18 | 2(2)(സി) | 5000 | 119020101110/ 29.06.2019 | | |
| 2017-18 | 2(2)(സി) | 5000 | 119020101111 /29.06.2019 | | |
| 2017-18 | 2(2)(സി) | 5000 | 119020101388/ 29.07.2019 | | |
| 2017-18 | 2(2)(സി) | 5000 | 119020101974/ 25.09.19 | | |
| 2017-18 | 2(2)(സി) | 1000 | 119020102915/ 21.10.19 | | |

| | | | | |
|---|---|---|---|---|
| 2017-18 | 2(2)(സി) | 5000 | 119020103330/ 02.11.2019 | |
| 2017-18 | 2(2)(സി) | 2500 | 119020103806/ 28.11.2019 | |
| 2017-18 | 2(2)(സി) | 2500 | 119020103807/ 28.11.2019 | |
| 2017-18 | 2(2)(സി) | 5000 | 119020103822/ 28.11.2019 | |
| 2017-18 | 2(2)(സി) | 2500 | 119020104016/ 16.12.2019 | |
| 2017-18 | 2(2)(സി) | 1500 | 119020104457/ 13.01.2020 | |
| 2017-18 | 2(2)(സി) | 1250 | 119020104458/ 13.01.2020 | |
| 2017-18 | 2(2)(സി) | 1250 | 119020104459/ 13.01.2020 | |
| 2017-18 | 2(2)(സി) | 1250 | 119020104460/ 13.01.2020 | |
| 2017-18 | 2(2)(സി) | 1250 | 119020104461/ 13.01.2020 | |
| 2018-19 | 1-11-4(1) | 6562 | 119020105126/ 20.03.20 | ശ്രീ.ഇ.ഷാജഹാൻ, സെക്രട്ടറി |
| 2018-19 | 1-11-3(1) | 500 | 119020105135/ 24.03.2020 | |
| | | 87062 | | |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2007-08 | 3-51-1 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്- ലക്ഷ്യം കൈവരിച്ചിട്ടില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-7-2018 ലെ സിറ്റിംഗിൽ വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |
| 2016-17 | പൊതുവായ അവലോകനം | വസ്തു നികുതി (ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.2-1) | വിഷയം സമിതി പരിഗണിച്ചിട്ടില്ല. |
| 2016-17 | പൊതുവായ അവലോകനം | തൊഴിൽ (ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.2-2, 2.3, 2.6 & | വിഷയം സമിതി പരിഗണിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | 2015-16 ഖ.2-1) | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 31159952 |
| ഓഡിറ്റ് വർഷത്തെ വരവ് | 108507719 |
| ആകെ | 139667671 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 108471016 |
| നീക്കിയിരിപ്പ് | 31196655 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 107052 (ഭാഗം-1 പ്രകാരം) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 821267 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 49750 | ശ്രീമതി.ലിസി.കെ.എ, എച്ച്.എം, ജി.യു.പി.എസ്.അയിലൂർ |
| 1-20 | 222916 | ശ്രീമതി.ലിസി.കെ.എ, എച്ച്.എം, ജി.യു.പി.എസ്.അയിലൂർ |
| 1-21 | 548601 | ശ്രീമതി.ലിസി.കെ.എ, എച്ച്.എം, ജി.യു.പി.എസ്.അയിലൂർ |
| ആകെ | 821267 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25(1, 2) | 20376 | ശ്രീ.രഞ്ജിത്.എം.പി, അസി.എഞ്ചിനിയർ |
| 1-25(3-10) | 86676 | ശ്രീമതി.കാവ്യ.കെ.കുമാർ, അസി.എഞ്ചിനിയർ |
| ആകെ | 107052 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 1-6-1 – MNREGS - മെറ്റീരിയലുകൾ വിതരണം ചെയ്ത വിതരണക്കാരന്റെ ബില്ലുകളിൽ നിന്നും നിയമപ്രകാരമുള്ള ജി.എസ്.ടി ടി.ഡി.എസ് കൃത്യമായി നടത്തിയില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നികുതി നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കേണ്ടതാണ്.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.രഞ്ജിത്,എം.പി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, ഇറിഗേഷൻ വകുപ്പ് | നെച്ചുള്ളിപ്പടി വീട്, പെരിമ്പടാരി (പി.ഒ), മുക്കണ്ണം, മണ്ണാർക്കാട്, പാലക്കാട്- 678762 |
| ശ്രീമതി.കാവ്യ.കെ.കുമാർ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, അയിലൂർ ഗ്രാമപഞ്ചായത്ത് | രോഹിണി ഹൗസ്, പടിഞ്ഞാറ്റിൻകര(പി.ഒ), പാല, കോട്ടയം-686571 |
| ശ്രീമതി.ലിസി.കെ.എ, എച്ച്.എം,ജി.യു.പി.എസ്. അയിലൂർ | സേവനത്തിൽ നിന്നും വിരമിച്ച. | അറക്കൽ ഹൗസ്, നണ്ടൻകിഴായ,ആനമാറി(പി.ഒ), പാലക്കാട്-678506 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP6-1121/99/6.1.2000 | 3 |
| 1997-98 | L.F.P10-486/2002/ 5.9.2002 | 4 |
| 1998-99 | LF.P13/417/3.12.2005 | 2 |
| 1999-2000 | L.F.P12-418/2005/ 3.12.2005 | 11 |
| 2000-2001 | L.F.P12-441/2006/ 16.10.2006 | 27 |
| 2001-2002 | L.F.P12-442A/2006/ 10.10.2006 | 7 |
| 2002-2003 | L.F.P18-1720(a)/25.6.2012 | 10 |
| 2003-2004 | L.F.P12-28/2007/ 12.9.2007 | 15 |
| 2004-2005 | L.F.P18-1720(b)/2008/ 25.6.2012 | 34 |
| 2005-2006 | L.F.p18-1720(c)/2008/ 25.6.2012 | 14 |
| 2006-2007 | L.F.P18-1063/12/5.6.12 | - |
| 2007-2008 | KSA-PKD18-96(A)/17/29.3.17 | 3 |
| 2008-2009 | L.F.P18-1065/12/15.6.12 | 2 |
| 2009-2010<br>2010-2011 | L.F.P18-76/13/23.3.13 | 4 |
| 2011-2012 | KSA-PKD18-421/2016/ 27.5.16 | 2 |
| 2012-13,<br>2013-14 &<br>2014-15 | KSA.PKD.18/465/16/25.06.16 | 18 |
| 2015-16 | KSA.PKD.18/22/17/6.01.17 | 3 |
| 2016-17 | നം.കെ.എസ്.എ-പികെഡി-പി18-1645/2017/08.09.2017 | 23 |
| 2017-18 | നമ്പർ കെഎസ്എ പികെഡി18-281/2019/26.03.2019 | 28 |
| 2018-19 | നം. കെ.എസ്.എ-പെികഡി18/1729/2019 | 27 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക കണക്കുകളിലെ വിവിധ പത്രികകളുടെ സംക്ഷിപ്തം

| Ayiloor Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 31157292.00 |
| Cash | Cash | RP-40(a) | 2660.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 656650.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1500.00 |
| 140000000 | Fees & User Charges | RP-4 | 481262.00 |
| 150000000 | Sale & Hire Charges | RP-5 | 284869.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57134260.00 |
| 171000000 | Interest Earned | RP-9 | 297207.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 29133030.00 |
| 350000000 | Other Liabilities | RP-36 | 199483.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 409754.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 474816.00 |
| 330000000 | Secured Loans | RP-32 | 15120000.00 |
| 340000000 | Deposits Received | RP-34 | 147751.00 |
| 350000000 | Other Liabilities | RP-36 | 179732.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2607051.00 |
| 460000000 | Loans, Advances and Deposits | RP-47 | 1380354.00 |
| | Grand total | | 139667671.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3201327.00 |
| 220000000 | Administrative Expenses | RP-12 | 2338289.00 |
| 230000000 | Operations & Maintenance | RP-13 | 2257712.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2023336.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 54253669.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 8234611.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 2954233.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 250640.00 |
| 255000000 | Maintenance Projects | RP-20 | 14343804.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30000.00 |
| 280000000 | Prior Period item | RP-26 | -19601.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 115559.00 |
| 350000000 | Other Liabilities | RP-36 | 5087310.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1333.00 |
| 330000000 | Secured Loans | RP-32 | 320000.00 |
| 340000000 | Deposits Received | RP-34 | 183805.00 |
| 350000000 | Other Liabilities | RP-36 | 1358621.00 |
| 410000000 | Fixed Assets | RP-38 | 9477941.00 |
| 412000000 | Capital work in Progress | RP-40 | 622391.00 |
| 460000000 | Loans, Advances and Deposits | RP-47 | 1436036.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 31158610.00 |
| Cash | Cash | RP-40(b) | 38045.00 |
| | Grand Total | | 139667671.00 |

| Ayiloor Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3410937.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 198842.00 |
| 140000000 | Fee & User Charges | I-4(b) | 654579.00 |
| 150000000 | Sale & Hire Charges | I-5(b) | 284869.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 142745817.00 |
| 171000000 | Interest Earned | I-8 | 297207.00 |
| 180000000 | Other Income | I-9 | 695884.00 |
| | Total Income | | 148288135.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8718141.00 |
| 220000000 | Administrative Expenses | I-11(b) | 2338289.00 |
| 230000000 | Operations & Maintenance | I-12(b) | 2973798.00 |
| 240000000 | Interest & Finance Charges | I-13 | 1333.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2023336.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 79361326.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 8234611.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2954233.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 16213940.00 |
| 255000000 | Maintenance Projects | I-14(e) | 14343804.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 30000.00 |
| 272000000 | Depreciation | I-17(a) | 1600951.00 |
| | Total Expenditure | | 138793762.00 |
| | Gross Surplus/ Deficit of income over Expenditure | | 9494373.00 |
| 280000000 | Prior Period Item | I-18 | 46091.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 9448282.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Ayiloor Grama Panchayat BALANCE SHEET

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 46209355.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 104476018.00 |
| | Total Reserve & Surplus | | 150685373.70 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13365238.00 |
| | Total Grants, Contributions for Specific Purposes | | 13365238.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 38014118.00 |
| | Total Loans | | 38014118.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 571489.00 |
| 350000000 | Other Liabilities | B-9 | 718869.30 |
| | Total Current Liabilities and Provisions | | 1290358.30 |
| | TOTAL LIABILITIES | | 203355088.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 144392755.00 |
| 411000000 | Accumulated Depreciation | B-11 | -10810610.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 133582145.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 440000000 | Pre-paid Expenses | B-16 | 38014118.00 |
| 450000000 | Cash and Bank Balance | B-17 | 31196655.00 |
| 460000000 | Loans, Advances and Deposits | B-18 | 562170.00 |
| | Total Current Assets, Loans and Advances | | 69772943.00 |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | | | 203355088.00 |

Digitally signed by Secretary GP Date: 2020.05.06 16:45:5

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)